## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.3850 24.06.2014-ൽ മറുപടിക്ക്.**

**അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ ഇല്ലാത്ത ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ടോ; ചിട്ടികൾക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ചിറ്റ് ഫണ്ട്സ് ആക്ട് പ്രകാരം ചിട്ടികളുടെ രജിസ്ട്രേഷനാണ് രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ നടത്തുന്നത്. ചിട്ടി കമ്പനികളുടെ രജിസ്ട്രേഷന് ചിറ്റ് ഫണ്ട്സ് ആക്ടിൽ വ്യവസ്ഥയില്ല. ചിട്ടികൾ നടത്തുന്നതിന് പ്രത്യേകം രജിസ്ട്രേഷൻ ആവശ്യമുണ്ട്. ഇത് പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. |
| (ബി) | രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഭാരതീയ റിസർവ് ബാങ്ക് അടുത്തകാലത്ത് നിയമവിരുദ്ധമായും ബാങ്കിന്റെ രജിസ്ട്രേഷൻ ഇല്ലാതെയും പ്രവർത്തിക്കുന്ന ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങളെ (Non Banking Financial Companies) കണ്ടെത്തുന്നതിനായി രാജ്യവ്യാപകമായി ഒരു പരിശോധന നടത്തിയതിൽ കേരളത്തിൽ ഇപ്രകാരം നാല് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തുകയുണ്ടായി. കൂടാതെ, വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ വകുപ്പ് 3(1) പ്രകാരം എല്ലാ മണി ലെൻഡർമാരും ടി നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തുന്നതിനും കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടിക്കമ്പനികൾക്ക് പ്രത്യേകം രജിസ്ട്രേഷൻ വേണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടോ; | (സി) | ഉണ്ട്. ഇത് പൂർണ്ണമായും പാലിക്കപ്പെടുന്നതായി കാണുന്നില്ല. |
| (ഡി) | അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. വ്യാജ ചിട്ടികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടിസ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ 1982-ലെ ദി ചിറ്റ് ഫണ്ട്സ് ആക്ടിനും 2012ലെ റൂൾസിനും വിധേയമായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതിന് ശക്തമായ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധന സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. സംസ്ഥാന വ്യാപകമായി 224 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ ഏകദേശം മൂവായിരത്തിലേറെ അനധികൃത ചിട്ടികൾ നടത്തുന്നതായി കണ്ടെത്തുകയും രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തിയ കമ്പനികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**